# ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

തീയതി: 04.01.2024

നമ്പർ. EC5/47745/23/ഡി.ടി.ഇ

**സർക്കുലർ നം.01/24**

വിഷയം:- സാങ്കേതികം വിദ്യാഭ്യാസം - 2024 ലെ പൊതു സ്ഥലം മാറ്റം - വിജ്ഞാപനം സംബന്ധിച്ച്.

സൂചന :- 1. 25-02-2017 ലെ സ.ഉ. (പി) നം.3/2017/ഉഭപവ.
2. 05-04-2018 ലെ സ.ഉ. (കൈ) നം.10/2018/ ഉ.ഭ.പ.വ.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ, വിവിധ തസ്തികകളിലെ ജീവനക്കാരിൽ നിന്നും പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം 2024 ലെ പൊതുസ്ഥലം മാറ്റത്തിന്റെ അപേക്ഷകൾ ഓൺലൈൻ മുഖേന ക്ഷണിക്കുന്നു. സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ തീയതികൾ ചുവടെ ചേർക്കുന്നു.

**2024 പൊതുസ്ഥലംമാറ്റ നടപടികളുടെ ഷെഡ്യൂൾ**

| ക്രമ നം | നടപടി | നിർവഹണം | അനുവദിച്ചിരിക്കുന്ന തീയതികൾ |
|---|---|---|---|
| 1 | സർവ്വീസ് റെക്കോർഡുകൾ പ്രകാരം SPARKൽ നല്കിയിരിക്കുന്ന വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുക | സ്ഥാപനങ്ങൾ - DDO/എസ്റ്റാബ്ലിഷ്മെന്റ് യൂസർ - SPARK | **09**-01-2024 നു മുൻപായി |
| 2 | SPARK ലെ അപ്ഡേഷൻ:<br>(i) 2024ൽ SPARK വഴി പുതുതായി പൊതുസ്ഥലംമാറ്റം നടത്തുന്ന തസ്തികകളിലുള്ള ജീവനക്കാരുടെ തസ്തികയുടെ പേര് (Designation), കേഡർ എന്നിവ ശരിയായ രീതിയിലാണോ എന്ന് ഉറപ്പുവരുത്തേണ്ടതും ആവശ്യമെങ്കിൽ മാറ്റി നല്കേണ്ടതുമാണ്. ഓരോ കേഡറിലും (സ്ഥലംമാറ്റാവുന്ന തസ്തികകളുടെ ഗ്രൂപ്പ്) അനുവദിച്ചിരിക്കുന്ന തസ്തികകളുടെ എണ്ണവും (Sanctioned post) അതിലെ ജീവനക്കാരുടെ എണ്ണവും, ഒഴിവുകളും കൃത്യമായി പരിശോധിച്ച് ഉറപ്പു വരുത്തുക.<br><br>(ii) ജീവനക്കാർ ആവശ്യപ്പെടുന്ന തിരുത്തലുകൾ, സമർപ്പിച്ചിരിക്കുന്ന രേഖകൾ പ്രകാരം ആവശ്യമെങ്കിൽ SPARK ൽ തിരുത്തി നല്കുക | സ്ഥാപനങ്ങൾ - DDO/എസ്റ്റാബ്ലിഷ്മെന്റ് യൂസർ - SPARK | **10**-01-2024 മുതൽ 16-01-2024 വരെ |
| 3 | SPARK ൽ നൽകിയിരിക്കുന്ന ഡാറ്റാ പരിശോധിച്ച് തിരുത്തൽ വേണ്ട പക്ഷം ആവശ്യമായ രേഖകൾ ഉൾപ്പെടെ സ്ഥാപനമേധാവിക്ക് അപേക്ഷ സമർപ്പിക്കുക | ജീവനക്കാർ | **17**-01-2024 മുതൽ 20-01-2024 വരെ |
| 4 | ജീവനക്കാരുടെ ഡാറ്റയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുക. ഡാറ്റാ ലോക്ക് ചെയ്യുക | സ്ഥാപനങ്ങൾ - DDO/എസ്റ്റാബ്ലിഷ്മെന്റ് യൂസർ - SPARK | 17-01-2024 മുതൽ 22-01-2024 വരെ |

Draft #7 of File EC5/47745/23/DTE Approved by Director (in-charge) on 04-Jan-2024 01:15 PM - Page 1

Draft #7 of File EC5/47745/23/DTE Approved by Director (in-charge) on 04-Jan-2024 01:15 PM - Page 2

| | | | |
|---|---|---|---|
| 5 | പൊതുസ്ഥലം മാറ്റ അപേക്ഷ SPARK വഴി ഓൺലൈൻ ആയി സമർപ്പിക്കുക. | ജീവനക്കാർ | 29-01-2024 മുതൽ 09-02-2024 വരെ |
| 6 | ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷയുടെ ഒപ്പിട്ട പകർപ്പ് (അനുബന്ധ രേഖകൾ സഹിതം) സ്ഥാപനമേധാവിക്ക് സമർപ്പിക്കുക | ജീവനക്കാർ | 29-01-2024 മുതൽ 12-02-2024 വരെ |
| 7 | ജീവനക്കാരിൽ നിന്നും ലഭിച്ച സ്ഥലം മാറ്റ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുക | സ്ഥാപനങ്ങൾ- DDO/ സ്ഥാപന മേധാവി | 29-01-2024 മുതൽ 13-02-2024 വരെ |
| 8 | (i) ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേക്ക് ഓൺലൈൻ ആയി ഫോർവേഡ് ചെയ്യുക/ നിരാകരിക്കുക<br>(ii) ഡിടിഇ ഓഫീസിലേക്ക് അയയ്ക്കാൻ നിഷ്കർഷിച്ചിരിക്കുന്ന അപേക്ഷയുടെ ഹാർഡ് കോപ്പി (ബന്ധപ്പെട്ട രേഖകൾ സഹിതം), സ്ഥാപനമേധാവിയുടെ **remarks** രേഖപ്പെടുത്തി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എത്തിക്കുക | സ്ഥാപനങ്ങൾ- DDO/ സ്ഥാപന മേധാവി | 29-01-2024 മുതൽ 17-02-2024 വരെ |
| 9 | സ്ഥാപനങ്ങൾ ഫോർവേഡ് ചെയ്ത ഓൺലൈൻ അപേക്ഷകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സ്വീകരിക്കുക / നിരാകരിക്കുക. | State Level Officer - SPARK General Transfer 2024 | 29-01-2024 മുതൽ 24-02-2024 വരെ |
| 10 | അനുകമ്പാർഹമായ കാരണങ്ങളാലുള്ള സ്ഥലംമാറ്റ അപേക്ഷകൾ, പൊതുതാല്പര്യാർത്ഥമുള്ള സ്ഥലംമാറ്റങ്ങൾ, കോടതിവിധിയുടെ അടിസ്ഥാനത്തിലുള്ള സ്ഥലംമാറ്റങ്ങൾ, നിർബന്ധിത സ്ഥലംമാറ്റങ്ങൾ (അച്ചടക്കനടപടികളുടെ അടിസ്ഥാനത്തിലുള്ളതുൾപ്പെടെ) എന്നിവയിൽ തീർപ്പ് കല്പിക്കുക. | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ - ബന്ധപ്പെട്ട സെക്ഷൻ / Transferring authority / Director/ State Level Officer in SPARK | 29-01-2024 മുതൽ 29-02-2024 വരെ |
| 10 | പൊതു സ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുക. | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - ബന്ധപ്പെട്ട സെക്ഷൻ / Transferring authority / Director / State Level Officer in SPARK | 15-03-2024 ന് മുൻപായി |
| 11 | പൊതു സ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റിന്മേൽ പരാതിയുള്ള പക്ഷം പരാതി സമർപ്പിക്കുക. | ജീവനക്കാർ | പൊതു സ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരാഴ്ചയ്ക്കകം |
| 12 | പരാതികൾ പരിശോധിച്ച് തീർപ്പാക്കി, പൊതുസ്ഥലം മാറ്റത്തിന്റെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുക. | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - ബന്ധപ്പെട്ട സെക്ഷൻ / Transferring authority/ Director/ State Level Officer in SPARK | 31-03-2024 ന് മുൻപായി |

ഓൺലൈൻ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ, SPARK പോർട്ടൽ **(https://www.spark.gov.in/webspark)** വഴി ഷെഡ്യൂളിൽ നൽകിയിരിക്കുന്ന നിർദ്ദിഷ്ട തീയതിയ്ക്കു മുൻപായി ഓൺലൈൻ ആയും, ഒപ്പിട്ട കോപ്പി (signed printout) ബന്ധപ്പെട്ട രേഖകളോടുകൂടി സ്ഥാപന മേധാവിക്കും ജീവനക്കാർ നൽകേണ്ടതാണ്. അനുകമ്പാർഹമായ കാരണങ്ങളാൽ അപേക്ഷ നൽകുന്ന ജീവനക്കാരും, കോടതിവിധി പ്രകാരം സ്ഥലംമാറ്റം അപേക്ഷിക്കുന്ന ജീവനക്കാരും, പ്രഥമഗണനീയ വിഭാഗത്തിൽപ്പെട്ട ജീവനക്കാരും അപേക്ഷയോടൊപ്പം തങ്ങളുടെ അവകാശം (claim) സ്ഥിരീകരിക്കുന്ന രേഖകളും നിർദ്ദിഷ്ട തീയതിക്ക് മുൻപായി സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

സ്ഥാപനമേധാവി ജീവനക്കാർ സമർപ്പിച്ച അപേക്ഷകളും, രേഖകളും പരിശോധിച്ച്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുന്നതിനായി അഭിപ്രായം (remarks) രേഖപ്പെടുത്തി, അയയ്ക്കുന്നതിന് (forward) ശിപാർശ ചെയ്യുകയോ; നിരസിക്കാൻ മതിയായ കാരണങ്ങളുണ്ടെങ്കിൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്. ഓൺലൈൻ ആയി ലഭിച്ചിരിക്കുന്ന എല്ലാ അപേക്ഷകളും, മേൽ നിർദ്ദേശിച്ചിരിക്കുന്ന SPARK പോർട്ടലിലൂടെ ഓൺലൈൻ ആയി നിർദിഷ്ട തീയതിയ്ക്ക് മുൻപായി ഈ കാര്യാലയത്തിലേയ്ക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. അനുകമ്പാർഹമായ കാരണങ്ങളാലുള്ള അപേക്ഷകളും, കോടതിവിധി പ്രകാരം സ്ഥലംമാറ്റത്തിനുള്ള അപേക്ഷകളും (ഒപ്പിട്ട പകർപ്പ്) സ്ഥാപനമേധാവിയുടെ അഭിപ്രായത്തോടും, അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന അനുബന്ധ രേഖകളോടൊപ്പം നിർദിഷ്ട തീയതിക്കു മുൻപായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. മറ്റു അപേക്ഷകളും അനുബന്ധ രേഖകളും സ്ഥാപനത്തിൽ തന്നെ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം മാത്രം അയച്ചു തരേണ്ടതുമാണ്.

പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട കരട് ലിസ്റ്റുകളും, ഉത്തരവുകളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ **(www.dtekerala.gov.in)** പ്രസിദ്ധീകരിക്കുന്നതാണ്. സ്ഥലം മാറ്റ നടപടിക്രമങ്ങൾ നിശ്ചയിച്ചിരിക്കുന്ന കാലയളവിൽ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

സംശയ നിവാരണത്തിനായി 0471-2561300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ഡിഡിഒ മാർക്കും (www.dtekerala.gov.in മുഖേന).
2. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ((www.dtekerala.gov.in മുഖേന).
3. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, സീനിയർ ജോയിന്റ് ഡയറക്ടർ (ഇ.സി.എസ്), സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ)
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - I & II
5. IT ഡിവിഷനിലെ ഉദ്യോഗസ്ഥർ.
6. ജീവനക്കാര്യം സൂപ്രണ്ട് - EA, EB, EC, & ED സെക്ഷൻ.

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 04.01.2024
Reason: Approved

Draft #7 of File EC5/47745/23/DTE Approved by Director (in-charge) on 04-Jan-2024 01:15 PM - Page 3

The document is digitally approved. Hence signature is not needed.